# 25th NATIONAL CHILDREN'S SCIENCE CONGRESS (NCSC) 2017

**Catalized and supported by : NCSTC - Network, Dept. of Science & Technology, Govt. of India**

**Focal Theme : Science, Technology & Innovation for Sustainable Development**

**Sub Themes :** * Natural Resource Management * Food and Agriculture
* Energy * Health, Hygiene & Nutrition * Life-styles and Livelihoods
* Disaster Management * Traditional Knowledge Systems

**Organized in Kerala : Kerala State Council for Science, Technology and Environment (KSCSTE), Sasthra Bhavan, Thiruvananthapuram - 4. www.kscste.kerala.gov.in**

## ബാലശാസ്ത്ര കോൺഗ്രസ് പ്രോജക്ട് തയ്യാറാക്കുന്ന ഗൈഡുമാർക്കുള്ള പൊതുനിർദ്ദേശങ്ങൾ

1. വിദ്യാലയങ്ങളിൽ എത്തി പ്രോജക്ട് ചെയ്യാനും അവതരിപ്പിക്കാനുമുള്ള 2 മുതൽ 5 വരെ കുട്ടികളെ കണ്ടെത്തുക.
2. **ലോവർ ഗ്രൂപ്പ് (ജൂനിയർ)** : 2004 ജനുവരി 1 മുതൽ 2007 ഡിസംബർ 31 വരെ ജനിച്ചവർ.
3. **അപ്പർ ഗ്രൂപ്പ് (സീനിയർ)** : 2001 ജനുവരി 1 മുതൽ 2003 ഡിസംബർ 31 വരെ ജനിച്ചവർ.
4. ഓരോ ഗ്രൂപ്പിലും ഏത് കുട്ടിക്കു വേണമെങ്കിലും ഗ്രൂപ്പ് ലീഡറാകാം. ആ കുട്ടി ആയിരിക്കണം എല്ലാ ഘട്ടത്തിലും പ്രോജക്ട് അവതരിപ്പിക്കേണ്ടത്.
5. വയസ് തെളിയിക്കുന്നതിനുള്ള ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ രേഖ കോ-ഓർഡിനേറ്റർക്ക് പ്രോജക്ടിനൊപ്പം അയച്ചിരിക്കണം.
6. **ലോഗ് ബുക്ക്** : പ്രോജക്ട് സ്വീകരിക്കണമെങ്കിൽ ലോഗ് ബുക്ക് ഉണ്ടായിരിക്കണം. ആദ്യപ്രവർത്തനം മുതൽ ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ ആരംഭിക്കണം. വെട്ടിതിരുത്തലുകൾ നിലനിർത്തണം. വിഷയനിർണ്ണയം, ആലോചനകൾ, വിവരശേഖരണം, സർവ്വേ ആണെങ്കിൽ ശതമാനകണക്കുകൾ, നിഗമനങ്ങൾ എല്ലാം ലോഗ് ബുക്കിൽ രേഖപ്പെടുത്തിവയ്ക്കണം. എല്ലാ ദിവസത്തെയും രേഖപ്പെടുത്തലുകൾക്ക് താഴെ ഗൈഡ് ഒപ്പ് വെച്ചിരിക്കണം.
7. എല്ലാ പ്രവർത്തനങ്ങളും ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും ചേർന്ന് നടത്തണം.
8. ശാസ്ത്രാധ്യാപകർ/അധ്യാപകർ അല്ലാത്തവർ എന്നിവർക്കും ഗൈഡുമാരാകാം.
9. അവരവരുടെ പ്രദേശവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് മുഖ്യവിഷയവും ഉപവിഷയങ്ങളുമായി ബന്ധപ്പെട്ട് സാധ്യത ഉണ്ടോ എന്ന് നോക്കണം.
10. **250 വാക്കുകളിൽ** കവിയാത്ത സംക്ഷിപ്തം (Abstract) ലോവർ ഗ്രൂപ്പിനും, **300 വാക്കിൽ** കവിയാത്ത സംക്ഷിപ്തം അപ്പർ ഗ്രൂപ്പിനും ഇംഗ്ലീഷിൽ തയ്യാറാക്കി പ്രോജക്ട് റിപ്പോർട്ടിനൊപ്പം വെക്കണം. പ്രോജക്ട് റിപ്പോർട്ട് ഇംഗ്ലീഷിലാണെങ്കിലും സംക്ഷിപ്തം (Abstract) ഇംഗ്ലീഷിൽ തയ്യാറാക്കിവെക്കേണ്ടതാണ്. എന്താണ് പ്രൊജക്ട് എന്ന് സംഗ്രഹം നോക്കി മനസ്സിലാക്കാൻ കഴിയണം.
11. കവർ പേജ് ഇംഗ്ലീഷിലായിരിക്കണം. അതിൽ താഴെ പറയുന്ന ക്രമത്തിൽ വിവരങ്ങൾ ഉണ്ടായിരിക്കണം.

    Title, Name & address of team leader, name of other group members, name of Guide, Kozhikode District, Kerala State, NCSC 2017 എന്നീ വിവരങ്ങൾ ആണ് രേഖപ്പെടുത്തേണ്ടത്.
12. പ്രോജക്ട് റിപ്പോർട്ട് **A4 സൈസ്** പേപ്പറിലായിരിക്കണം. കൈകൊണ്ടെഴുതിയതോ DTP ചെയ്തതോ ആകാം. പേപ്പറിന്റെ ഒരു വശത്ത് മാത്രം എഴുതുക.

*(Contd.......... 2)*

13. കവർ പേജിന് താഴെ ഫോം A, (1) ആമുഖം, (2) ഉദ്ദേശവും ലക്ഷ്യവും, (3) പ്രോജക്ടിന്റെ ആവശ്യം, (4) പരികല്പന (ഊഹം), (5) പ്രവർത്തനപദ്ധതികൾ, (6) പഠനരീതി, (7) നിരീക്ഷണങ്ങൾ, (8) അപഗ്രഥനം, (9) ഫലങ്ങൾ, (10) പരിസമാപ്തി, (11) അനുമാനം, (12) പരിഹാരനിർദ്ദേശങ്ങൾ, (13) തുടർപ്രവർത്തനങ്ങൾ (14) കൃതജ്ഞത, (15) സൂചനകൾ (ഗ്രന്ഥാവലിയിലെ ഒരു പേജാണെങ്കിൽ p എന്നെഴുതി പേജ് നമ്പർ കാണിക്കുക. ഒന്നിലധികം പേജുകൾ ഉണ്ടെങ്കിൽ pp എന്നെഴുതിയശേഷം പേജ് നമ്പർ കാണിക്കുക). **ഒന്നു മുതൽ പതിനഞ്ച് വരെയുള്ള ഭാഗങ്ങൾ പുതിയ പേജുകളിൽ എഴുതി തുടങ്ങണം.**

14. **രജിസ്ട്രേഷൻ ഫോറം A താഴെ കൊടുത്തിട്ടുള്ള വിലാസത്തിൽ അയക്കുന്നതോടൊപ്പം അതേ വിവരങ്ങൾ www.ncsc.co.in എന്ന സൈറ്റിൽ കയറിയശേഷം New Group Registrationൽ ക്ലിക്ക് ചെയ്യുക. ആവശ്യമായ വിവരങ്ങൾ നല്കി Signup ചെയ്യുക.**

## എഴുതി തയ്യാറാക്കിയ പ്രോജക്ടുകളുടെ അവതരണം (Presentation)

1. 8 മിനിട്ടാണ് അവതരണ സമയം. 2 മിനിട്ട് ജഡ്ജിംഗ് പാനലിന്റെ അഭിപ്രായങ്ങൾ, ചോദ്യങ്ങൾ എന്നിവക്കുള്ളതാണ്. (ആകെ 10 മിനിട്ട്)

(a) പവർപോയിന്റ് (Power point) അവതരണമാണ് അഭികാമ്യം. ഫാൻസി അക്ഷരങ്ങൾ ഉപയോഗിക്കരുത്.

(b) 'ഉബുണ്ടു'വിൽ (ലിനക്സിൽ) പ്രസന്റേഷൻ തയ്യാറാക്കുന്നവർ WINDOWS ൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. മലയാളത്തിൽ അവതരണം തയ്യാറാക്കുന്നവർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

**എല്ലാ പ്രസന്റേഷന്റെയും PDF ഫയലുകൾ കൂടി അവതരണ സമയത്ത് കൊണ്ടുവരണം.**

2. 4 ചാർട്ടുകൾ നിർബന്ധമാണ്. (55 cm x 70 cm).
(ചാർട്ടുകൾ അവതരണത്തിന് ശേഷം മറ്റു കുട്ടികൾക്ക് കാണുന്നതിന് പ്രദർശിപ്പിക്കുന്നതാണ്). ചാർട്ടുകൾക്ക് പ്രത്യേക പരിഗണന ലഭിക്കും.

3. പരമാവധി 5 ഫോട്ടോഗ്രാഫുകൾ ആകാം. **അനിമേഷൻ/വീഡിയോ/ക്ലിപ് ആർട്ട് പാടില്ല.**

- **2017 നവമ്പർ 4-നാണ് പ്രോജക്ട് അവതരിപ്പിക്കേണ്ടത്(തീയതിയിൽ മാറ്റം വന്നേക്കാം).** ഒരു ദിവസം കൊണ്ട് അവതരണം തീരുന്നില്ല എങ്കിൽ 5-ാം തീയതിയിലേക്കും തുടരും. മീഞ്ചന്ത രാമകൃഷ്ണമിഷൻ സ്കൂൾ ഹാളിലാണ് പരിപാടി.
- അവതരണത്തിന് വരുന്ന ഒരു കുട്ടിക്കും ഗൈഡിനും ലഘുഭക്ഷണം, ചായ എന്നിവ സംഘാടകർ നൽകും.
- പ്രോജക്ടുമായോ, അവതരണവുമായോ ബന്ധപ്പെട്ട ഏത് സംശയവും പരിഹരിക്കാൻ ജില്ലാ കോ-ഓർഡിനേറ്റർ **ഡോ. എൻ.സിജേഷ് (Mob: 09495528091)** ജില്ലാ അക്കാഡമിക്ക് കോ-ഓർഡിനേറ്ററായ കോഴിക്കോട് റവന്യുജില്ലാ സയൻസ് ക്ലബ്ബ് സെക്രട്ടറി **ശ്രീ. സി. സദാനന്ദൻ മാസ്റ്റർ (പന്തീരാങ്കാവ് എച്ച്.എസ്.എസ്.)** എന്നിവരുമായി ബന്ധപ്പെടുക. Mob: 8547092691, E-mail: ngckozhikode@gmail.com
- എഴുതി തയ്യാറാക്കുന്ന (written project) പ്രോജക്ടിന് പരമാവധി 100 മാർക്ക് വരെ ലഭിക്കാം. അതിനായി റിപ്പോർട്ടിന്റെ ഒരു പകർപ്പ് (photostat) ലോഗ് ബുക്ക് സഹിതം **2017 ഒക്ടോബർ 25നകം രജി. തപാലിലോ നേരിട്ടോ എത്തിക്കണം. (പ്രൊഫഷണൽ കൊറിയർ വഴിയും അയക്കാം).**
- LCD, OHP സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

**എഴുതി തയ്യാറാക്കിയ റിപ്പോർട്ട് 2017 ഒക്ടോബർ 25നകം. അയക്കേണ്ട വിലാസം:**

**ജില്ലാ കോ-ഓർഡിനേറ്റർ, ദേശീയ ബാലശാസ്ത്ര കോൺഗ്രസ്**
**ദർശനം ബിൽഡിങ്ങ്സ്, കാളാണ്ടിത്താഴം, ചെലവൂർ പി.ഒ., കോഴിക്കോട് 673 571**
**ഫോൺ : 0495- 2730091, 9495528091 E-mail: ngckozhikode@gmail.com**

Activity Guide, Evaluation Criteria എന്നിവയ്ക്ക് **www.darsanam.org** സന്ദർശിക്കുക

**For more announcements about Kozhikode District Level National Children's Science Congress (NCSC 2017) please visit : www.cstepindia.org**

*(എഴുതി തയ്യാറാക്കിയ പ്രൊജക്ട് നേരിട്ട് ഏൽപ്പിക്കാൻ കൊണ്ടുവരുന്നവർ ഹെഡ്പോസ്റ്റാഫീസിനു സമീപമുള്ള (കണ്ണൂർ റോഡ്) അമരാവതി ലോഡ്ജിന്റെ ഉള്ളിൽ പ്രവർത്തിക്കുന്ന കാക്കടവത്ത് ബിൽഡിംഗിലെ ഫോട്ടോസ്റ്റാറ്റ് കടയായ ഫസ്റ്റ് ചോയ്സ് ഡാറ്റാ സെന്ററിലെ ശ്രീ. സുജേഷിനെ ഏൽപ്പിക്കുക)*